29/10/22...

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1228(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 9450/SIC-G4/2022)
(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)
സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2022 ഒക്ടോബർ 26

ശ്രീ. സജി പി.ആർ.,
പൊട്ടംപ്ലാക്കൽ വീട്,
പുഷ്പകണ്ടം പി.ഒ.,
ആനക്കല്ല്, ഇടുക്കി – 685 552. — അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ,
പാറത്തോട് വില്ലേജ് ഓഫീസ്,
നെടുങ്കണ്ടം പി.ഒ., ഇടുക്കി
2) അപ്പീൽ അധികാരി & തഹസിൽദാർ,
താലൂക്ക് ഓഫീസ്,
ഉടുമ്പൻചോല, ഇടുക്കി. — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 26/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 12/01/2022 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 12/02/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 18/06/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 21/06/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 30/06/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 21/07/2022 |
| ഹിയറിംഗ് നടന്ന തീയതി | 26/10/2022 വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: | ഹാജരായി |
| എതിർകക്ഷികൾ | ഹാജരായി |

## ഉത്തരവ്

ശ്രീ. സജി പി.ആർ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ കൃത്യമായി നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 26.12.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. (എ)ലൈഫ് മിഷൻ ഭവനങ്ങൾ സർക്കാർ പുറമ്പോക്കു ഭൂമിയിൽ പണിയുന്നതിന് നിയമതടസ്സമുണ്ടോ എന്നും
(ബി) ടി വില്ലേജിൽ നോൺ അസൈനബിൾ പുറമ്പോക്കിൽ പണിത മറ്റേതെങ്കിലും ഭവനത്തിന് നിരോധന ഉത്തരവ് നൽകിയിട്ടുണ്ടോ എന്നും
(സി) നോൺ അസൈനബിൾ പുറമ്പോക്കു ഭൂമിയിൽ ലൈഫ് മിഷൻ ഭവനം നിർമ്മിക്കുന്നതിന് നിരോധനമുണ്ടോ എന്നും മേൽപ്പടി മൂന്നു കാര്യങ്ങളും തെളിയിക്കുന്ന സർക്കാർ ഉത്തരവ്, രേഖകൾ എന്നിവയുടെ കോപ്പികൾ നൽകണമെന്നും

ii. 2017-2020 കാലയളവിൽ പാറത്തോട് വില്ലേജിൽ എത്ര ലൈഫ് മിഷൻ ഭവനങ്ങൾ അനുവദിച്ചു. അവയിൽ എത്ര എണ്ണം സർക്കാർ പുറമ്പോക്കു ഭൂമിയിലാണെന്നും ഇവയെല്ലാം അസൈനബിൾ ഭൂമിയിലാണ് എന്നുറപ്പു വരുത്തിയിട്ടുണ്ടോ എന്നും നോൺ അസൈനബിൾ ഭൂമിയിൽ എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ നൽകണമെന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 12.01.2022 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ 12.2.2022 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിൽ മനഃപൂർവ്വം വീഴ്ച വരുത്തിയ വില്ലേജ് ഓഫീസർക്കെതിരെ വിവരാവകാശ നിയമം അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ കൈക്കൊള്ളണമെന്നും ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നുമാണ്. .

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 15.07.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. സജി പി.ആർ. 27.12.2021 ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് പൊതുവിവരാവകാശ അധികാരി മറുപടി നൽകിയിട്ടുള്ളതാണെന്നും മേൽപ്പടി അപേക്ഷയ്ക്ക് മറുപടി ലഭ്യമായില്ല എന്നാരോപിച്ചാണ് 15.2.2022-ന് അപ്പീൽ സമർപ്പിച്ചിട്ടുള്ളതെന്നുമാണ്. അപ്പീൽ അപേക്ഷയിൽ ടിയാളെ നേരിൽ കേൾക്കുന്നതിന് 7.3.2022-ന് നോട്ടീസ് നൽകിയിരുന്നുവെങ്കിലും ടിയാൾ വിചാരണയ്ക്ക് ഹാജരാകുന്നതിന് താത്പര്യമില്ല എന്ന് അറിയിച്ചിട്ടുള്ളതുമാണ്. പിന്നീട് 18.3.2022-ൽ വീണ്ടും ഹാജരാകുന്നതിന് നോട്ടീസ് നൽകിയിരുന്നുവെങ്കിലും അപ്പീൽവാദി ഹാജരായിട്ടില്ലാത്തതാണെന്നും അപ്പീൽവാദി ഹാജരാകാത്തതിനാൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിച്ച് 1.4.2022-ൽ അപ്പീൽ തീർപ്പാക്കി 5.4.2022-ൽ ഉത്തരവ് ടി കാര്യാലയത്തിൽ നിന്നും ഹർജിക്കാരന് രജിസ്റ്റേർഡ് തപാലിൽ അയച്ചു നൽകിയിട്ടുള്ളതുമാണ്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പൊതുവിവരാവകാശ അധികാരിയായ ഡെപ്യൂട്ടി തഹസിൽദാർ വിവരാവകാശ നിയമം അനുശാസിക്കുന്ന പ്രകാരം സമയബന്ധിതമായും കൃത്യവുമായ മറുപടി നൽകിയിട്ടുള്ളതായും ആയത് തൃപ്തികരവുമായി കാണുന്നു എന്നുമാണ്.

5. ഒന്നാം എതിർകക്ഷി കമ്മീഷന് മുമ്പാകെ 15.07.2022 ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. രാജി പി.ആർ. ടി കാര്യാലയത്തിൽ 28.12.2021-ൽ സമർപ്പിച്ച അപേക്ഷയിൽ ലഭ്യമായ വിവരങ്ങൾ 5.1.2022 ന് തയ്യാറാക്കി കക്ഷിക്ക് അറിയിപ്പ് നൽകുകയും ഹർജിക്കാരൻ 17.1.2022 ൽ ടി കാര്യാലയത്തിൽ എത്തി വിവരങ്ങൾ കൈപ്പറ്റിയിട്ടുള്ളതുമാണെന്നും തുടർന്ന് തൃപ്തികരമായ മറുപടിയല്ല ലഭിച്ചതെന്ന് കാണിച്ച് ഒന്നാം അപ്പീൽ അധികാരി മുമ്പാകെ 14.2.2022 ൽ അപ്പീൽ നൽകുകയും തുടർന്ന് അപ്പീൽ അധികാരി ടിയാനെ ഹിയറിംഗിനു വിളിക്കുകയും ടിയാൻ ഹിയറിംഗിനു ഹാജരായിട്ടില്ലാത്തതാണെന്നും എന്നാൽ ടി അപ്പീലിന് മറുപടി ലഭിച്ചില്ല എന്നും വില്ലേജ് ഓഫീസർ നൽകിയ മറുപടി തൃപ്തികരമല്ല എന്നാരോപിച്ചാണ് കമ്മീഷനിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും തുടർന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നതുമാണ്. ടി കാര്യാലയത്തിൽ ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നും ടിയാന്റെ അപേക്ഷയിലെ പ്രധാനപ്പെട്ട ആവശ്യം ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ പുറമ്പോക്ക് ഭൂമിയിൽ വീട് പണിയുന്നതിന് നിയമതടസ്സമുണ്ടോ എന്നതാണ്. ഇപ്രകാരം പണിത വീടുകൾക്ക് മുൻപ് നിരോധന ഉത്തരവ് നൽകിയിട്ടുണ്ടോ, നോൺ അസൈനബിൾ പുറമ്പോക്കിൽ ലൈഫ് മിഷൻ ഭവനനിർമ്മാണത്തിന് നിരോധനമുണ്ടോ എന്നുമാണ്. ഇതിനു തൃപ്തികരമല്ലാത്ത മറുപടിയാണ് നൽകിയതെന്നും പല വിവരങ്ങളും തരാതെ ഒഴിഞ്ഞുമാറി എന്നുമാണ് പരാതിയെന്നും എന്നാൽ മേൽ ചോദ്യങ്ങൾക്കു വളരെ വ്യക്തമായ മറുപടി തന്നെയാണ് ടി കാര്യാലയത്തിൽ നിന്നും നൽകിയിട്ടുള്ളതെന്നും ലൈഫ് മിഷൻ പദ്ധതി പ്രകാരം പുറമ്പോക്ക് ഭൂമിയിൽ നിർമ്മിക്കുന്ന വീടുകൾക്ക് താലൂക്ക് തലത്തിൽ ലാൻഡ് അസൈൻമെന്റ് കമ്മിറ്റി കൂടി ക്രമവൽക്കരണം അനുവദിക്കുന്ന വിവരം മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളതുമാണ്. കൂടാതെ താലൂക്ക് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, ടൂറിസം ഡിപ്പാർട്ട്മെന്റ് എന്നീ ഓഫീസുകളിൽ നിന്നും ലഭിക്കേണ്ട വിവരങ്ങളാണ് തുടർന്നുള്ള ചോദ്യങ്ങളിൽ ആവശ്യപ്പെട്ടിരിക്കുന്നത്. തുടർന്ന് പാറത്തോട് വില്ലേജിൽ സർവ്വെ 589/1-ൽ ടിയാൻ ലൈഫ് ഭവന പദ്ധതിയിൽ നിർമിച്ച വീട് പൊളിച്ച് നീക്കുന്നതിന് റവന്യൂ ഉദ്യോഗസ്ഥരുടെ ശ്രമങ്ങൾക്കെതിരെ ടിയാൻ കേരള ഹൈക്കോടതിയിൽ സമർപ്പിക്കാനാണെന്ന് പ്രതിപാദിച്ചിട്ടുണ്ടെന്നും, പാറത്തോട് വില്ലേജിലെ റീസർവ്വെ ബ്ലോക്ക് 49-ൽ സർവ്വെ 589/1-ൽ ഉൾപ്പെട്ട സർക്കാർ പാറപുറമ്പോക്ക് ഭൂമിയിൽ 15.5.2019-ന് വീട് നിർമ്മാണം ആരംഭിക്കുകയും ഇതേ തുടർന്ന് അന്വേഷണം നടത്തിയതിൽ ടി വസ്തു റവന്യൂ രേഖകൾ പ്രകാരം പാറപുറമ്പോക്ക് ആയി രേഖപ്പെടുത്തിയിട്ടുള്ള റീസർവ്വെ 589/1-ൽ ഉൾപ്പെട്ട 19.1000 ഹെക്ടർ വസ്തുവിൽ ഉൾപ്പെട്ടതാണെന്നും ടി വസ്തുവിൽ അവകാശം സിദ്ധിക്കുന്ന യാതൊരുവിധ രേഖകളും ഇല്ല എന്നും കണ്ടതിനെ തുടർന്ന് സർക്കാർ പാറപുറമ്പോക്ക് കയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിന് കേരളാ ഭൂസംരക്ഷണ നിയമം 1957,

വകുപ്പ് 12 അനുസരിച്ച് എൽ.ഡി.സി. കേസ് എടുത്തിട്ടുള്ളതുമാണെന്നും ഇതേ തുടർന്നാണ് ടിയാൻ കേരള ഹൈക്കോടതിയെ സമീപിച്ചതും കോടതി സ്റ്റേ അനുവദിച്ചിട്ടുള്ളതും സ്റ്റേ നിലനിൽക്കുന്നതിനാൽ കെ.എൽ.യു. ആക്ട് പ്രകാരമുള്ള നടപടികൾ നിർത്തി വച്ചിരിക്കുകയുമാണെന്നും [illegible] [illegible] അസൈൻമെന്റ് കമ്മിറ്റിയിൽ നിന്നും കൈവശരേഖ നേടാതെയാണ് കക്ഷി ടി ഭൂമിയിൽ വീട് നിർമ്മാണം ആരംഭിച്ചതെന്നും കൈവശരേഖ നൽകുന്നതിന് സർക്കാർ നൽകുന്ന ഏതെങ്കിലും ഭവനപദ്ധതി ലിസ്റ്റിൽ ഉൾപ്പെട്ടു വരേണ്ടതും ടി ഭൂമിയിൽ 1/ വർഷമായി സ്ഥിരതാമസം ഉണ്ടായിരിക്കേണ്ടതുമാണ്. ടിയാനെതിരെ കേസ് എടുത്തതിന്റെ രേഖകളുടെ പകർപ്പുകളോടൊപ്പം കക്ഷിയുടെ അപേക്ഷ, ആയതിനു നൽകിയ മറുപടി എന്നിവയുടെ പകർപ്പും ചേർത്ത് മറുപടി നൽകിയിട്ടുള്ളതുമാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിക്കുകയുണ്ടായി. എതിർകക്ഷികളേയും ഹർജിക്കാരനോടൊപ്പം ഹാജരായ ഡോ. ജോണികുട്ടിയേയും കമ്മീഷൻ നേരിൽ കേൾക്കുകയുണ്ടായി. ഹിയറിംഗിൽ ഹർജിക്കാരൻ ഉന്നയിച്ച വാദമുഖങ്ങളിൽ കഴമ്പുള്ളതായി കമ്മീഷന് ബോധ്യമായില്ല. ഹർജിക്കാരൻ വീട് നിർമ്മിച്ച പുറമ്പോക്ക് ഭൂമിക്ക് കൈവശാവകാശത്തിന് ഹർജിക്കാരൻ അപേക്ഷിച്ചിട്ടില്ലായെന്നും ആയതിനാൽ പ്രസ്തുത ഭൂമി സന്ദർശിച്ചിട്ടില്ലായെന്നും ഒന്നും രണ്ടും എതിർകക്ഷികൾ ഹിയറിംഗ് വേളയിൽ കമ്മീഷൻ മുമ്പാകെ ബോധ്യപ്പെടുത്തുകയുണ്ടായി. പരാതിക്കാരൻ വീട് നിർമ്മിച്ച ഭൂമി സർക്കാരിന്റെ കൈവശമുള്ള പുറമ്പോക്ക് ഭൂമിയാണെന്നും, ആയത് ലാന്റ് അസൈയിൻമെന്റ് കമ്മിറ്റി പരാതിക്കാരന് അനുവദിച്ചു നൽകിയിട്ടില്ലായെന്നും കമ്മീഷന് ബോധ്യപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിലാണ് കേരള ഭൂസംരക്ഷണ നിയമം 1957 വകുപ്പു പ്രകാരം പരാതിക്കാരനെതിരെ നടപടിക്രമങ്ങൾ സ്വീകരിച്ചതെന്നും കമ്മീഷന് ബോധ്യപ്പെടുകയുണ്ടായി. എസ്.പി.ഐ.ഒ., അപ്പീൽ അധികാരി എന്നിവർ വ്യക്തമായ മറുപടി നൽകിയതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജിയിൽ മേൽനടപടി ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഒക്ടോബർ മാസം 26 -ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി